LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സെൻട്രൽ റോഡ് ഫണ്ടിൽ (CRF)-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലം ഉൾപ്പെടെ നവീകരണം നടത്തുന്ന റോഡുകൾ താഴെപ്പറയുന്നവയാണ്:

1. പാങ്ങോട്-പുത്തൂർ-ചീരൻ കാവ്- എഴുകോൺ- നെടുമൺ കാവ്- മീയന്നൂർ - ചാത്തന്നൂർ - റോഡിന്റെ നവീകരണം- എസ്റ്റിമേറ്റ് ഇക 24 കോടി രൂപ. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

2. കരുനാഗപ്പള്ളി - അമൃതപുരി - അഴീക്കൽ (കായംകുളം ഹാർബർ) റോഡിന്റെ നവീകരണം - എസ്റ്റിമേറ്റ് ഇക 13 കോടി രൂപ. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) ഉണ്ട്. സി.ആർ.എഫ്. പ്രകാരം തെരഞ്ഞെടുക്കുന്ന റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡോ, സ്റ്റേറ്റ് റോഡോ, റൂറൽ റോഡ് അല്ലാത്ത മറ്റ പ്രധാനപ്പെട്ട റോഡുകളോ റൂറൽ റോഡുമായോ വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലവുമായോ ദേശീയപാതയുമായോ ബന്ധിപ്പിക്കുന്ന റോഡോ ആയിരിക്കണം. 10 കി.മീറ്ററിൽ കുറയാത്ത നീളം ഉണ്ടായിരിക്കണം. ബാധ്യതയില്ലാത്ത സ്ഥലം ലഭ്യമായിരിക്കണം.

ബോവിക്കനം ജംഗ്ഷനിലെ അപകട സാധ്യത

263(3188) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ചെർക്കളം ജാൽസൂർ എസ്.എച്ച്.-ൽ ബോവിക്കനം ജംഗ്ഷനിൽ അടിക്കടിയുണ്ടാകുന്ന വാഹന അപകടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ ജംഗ്ഷനിൽ അപകടം ഉണ്ടാകാതിരിക്കാൻ പി.ഡബ്ല്യു.ഡി. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പാർക്കിംഗ് ഏരിയ വർദ്ധിപ്പിച്ച് ഡിവൈഡറും സർക്കിളും സ്ഥാപിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെർക്കളം-ജാൽസൂർ റോഡും ബോവിക്കനം കാനത്തൂർ റോഡും കൂടിചേരുന്ന ജംഗ്ഷനാണിത്. ഇവിടെ ബസ് സ്റ്റോപ്പ്, ജംഗ്ഷനിൽ തന്നെയായതിനാൽ ബസ് നിർത്തിയിട്ടാൽ മറുഭാഗത്ത് വരുന്ന വാഹനങ്ങളെ കാണാൻ ബുദ്ധിമുട്ടാണ്. കൂടാതെ ജംഗ്ഷനിലുള്ള ഒരു മരവും അപകട കാരണമാകുന്നുണ്ട്.

(ബി) ജംഗ്ഷനിൽ ഡിവൈഡർ സ്ഥാപിക്കാനും മരം മുറിക്കുന്നതിനും ബസ് കാത്തിരിപ്പ് കേന്ദ്രം പൊളിച്ചുമാറ്റി വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

(സി) പാർക്കിംഗ് ഏരിയ വർദ്ധിപ്പിച്ച് ഡിവൈഡർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തു. ശാസ്ത്രീയമായി സർക്കിൾ നിർമ്മിക്കുന്നതിന് ഇപ്പോഴുള്ള സ്ഥലം അപര്യാപ്തമാണ്.

മോണോ റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ

264(T3189) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച മോണോ റെയിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി പ്രത്യേകം ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ടോ : ഓഫീസ് തുറന്നിട്ടുണ്ടോ ; പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) മോണോ റെയിൽ പദ്ധതി രാജ്യത്ത് എവിടെയാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇത് സംബന്ധിച്ച് പഠന റിപ്പോർട്ട് സമർപ്പിച്ചത് ആരാണ് ; ഏത് ഏജൻസിയാണ് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ സാങ്കേതിക ഉപദേശങ്ങൾ നൽകി വന്നിരുന്നത് ആരാണ് ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly